# കേരളസർവകലാശാല

നം.പി.ആർ.254/2020

## പത്രക്കുറിപ്പ്

### കേരള സർവകലാശാല റെഗുലർ ക്ലാസുകൾ ജനുവരി 4 മുതൽ ആരംഭിക്കും

കേരളസർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദ, ബിരുദാനന്തരബിരുദ റെഗുലർ ക്ലാസുകൾ സർക്കാർ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ജനുവരി 4 ന് തുടങ്ങുന്നതിനുളള ക്രമീകരണങ്ങൾക്ക് ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അനുമതി നൽകി. അവസാന വർഷ ബിരുദവും ഒന്നും നാലും സെമസ്റ്റർ ബി.എഡും, എല്ലാ ബിരുദാനന്തര ബിരുദ ക്ലാസുകളുമാണ് ആരംഭിക്കുന്നത്. ഡിസംബർ 28 മുതൽ എല്ലാ അദ്ധ്യാപകരും കോളേജുകളിലും പഠന വകുപ്പുകളിലും ഹാജരാകേണ്ടതാണ്. എല്ലാ കോളേജുകളിലും റെഗുലർ ക്ലാസുകൾ ആരംഭിക്കുന്നതിനുളള മുന്നൊരുക്കങ്ങൾ ഹയർ എഡ്യൂക്കേഷൻ വകുപ്പിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. ബിരുദ ക്ലാസുകളിൽ ഒരേ സമയം 50% കുട്ടികൾക്കുളള പഠനസൗകര്യമാണ് ഏർപ്പെടുത്തേണ്ടത്. കോളേജുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് 28 ന് തന്നെ അതതു പ്രിൻസിപ്പാൾമാർ ആവശ്യമായ തീരുമാനം കൈക്കൊളേളണ്ടതാണ്.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ഓർഡിനൻസ് കോടതിയുടെ പരിഗണനയിലായതിനാൽ പ്രൈവറ്റ് രജിസ്ട്രേഷൻ ഉൾപ്പെടെ കേരളസർവകലാശാല നടത്തിവന്ന എല്ലാ പഠന പ്രോഗ്രാമുകളും മറ്റൊരു തീരുമാനം ഉണ്ടാകുന്നതുവരെ തുടരുന്നതിനും ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അനുമതി നൽകി.

### പരീക്ഷാഫലം

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുളള അവസാന തീയതി 2021 ജനുവരി 7. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ്, ബിസിനസ് ഇക്കണോമിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ജ്യോഗ്രഫി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുളള അവസാനതീയതി 2021 ജനുവരി 4. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>ടൈംടേബിൾ</u>

സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ, ഡിപ്ലോമ ഇൻ ജർമ്മൻ പരീക്ഷകൾ യഥാക്രമം 2021 ജനുവരി 11, 12 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**21.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**